പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1739 — 16.06.2014 -ൽ മറുപടിയ്ക്ക്

# ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർഫെഡിന്റെയും ഔട്ട്ലെറ്റുകൾ വഴി 2013-14 ൽ വിറ്റഴിച്ച മദ്യത്തിന്റെ അളവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു.എം.പാലിശ്ശേരി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) 2013-14 സാമ്പത്തികവർഷം ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും ഔട്ട്ലെറ്റുകൾ വഴി എത്ര ലിറ്റർ മദ്യമാണ് വിറ്റഴിക്കപ്പെട്ടിട്ടുള്ളതെന്നും ഇതിന് എത്രകോടി രൂപ വിലവരുമെന്നും വ്യക്തമാക്കുമോ; | (എ) 2013-14 സാമ്പത്തികവർഷത്തിൽ ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പന ശാലകൾ വഴി 6351 കോടി രൂപയുടെ 15.15 കോടി ലിറ്റർ മദ്യവും, കൺസ്യൂമർ ഫെഡിന്റെ ഔട്ട്ലെറ്റുകൾ മുഖേന 766.26 കോടി രൂപയുടെ 2,61,77,808 ലിറ്റർ മദ്യവുമാണ് വിറ്റഴിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) ഇത്രയും മദ്യം വിറ്റഴിച്ചതിലൂടെ എത്ര കോടി രൂപ നികുതി ഇനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) 2013-14 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി 6351 കോടി രൂപയ്ക്ക് മദ്യം വിൽപ്പന നടത്തിയപ്പോൾ 5143 കോടി രൂപ നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഫസ്റ്റ് സെല്ലർ എന്ന നിലയിൽ ബിവറേജസ് കോർപ്പറേഷൻ വിൽപ്പന നികുതി ഈടാക്കിയാണ് മദ്യവിൽപ്പന നടത്തുന്നത്. എന്നാൽ സെക്കണ്ട് സെല്ലർ എന്ന നിലയിൽ കൺസ്യൂമർ ഫെഡറേഷൻ മദ്യവിൽപ്പന സമയത്ത് ഉപഭോക്താക്കളിൽ നിന്നും വിൽപ്പന നികുതി ഈടാക്കുന്നില്ല. |

(സി) 2013-14 സാമ്പത്തിക വർഷത്തിൽ എത്ര ബാറുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നുവെന്നും ഈ ബാറുകൾ മുഖേന എത്ര ലിറ്റർ മദ്യമാണ് വിറ്റഴിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ; ഇതിലൂടെ എത്ര കോടി രൂപ നികുതി ഇനത്തിൽ സർക്കാറിനു ലഭിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ?

(സി) 2013-14 സാമ്പത്തിക വർഷത്തിൽ 740 ബാറുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി യുടെ വെയർഹൗസുകളിൽ നിന്നും ബാർ ലൈസൻസുകാർക്ക് 1623 കോടി രൂപ മൂല്യമുള്ള 4.95 കോടി ലിറ്റർ മദ്യം വിൽപ്പന നടത്തിയിട്ടുണ്ട്. ബാർ ലൈസൻസുകാർക്ക് മദ്യം വിറ്റയിനത്തിൽ 1314 കോടി രൂപ നികുതിയായി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ